LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനി

58(2046) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSEB ലിമിറ്റഡ് കമ്പനി രൂപവൽക്കരിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണ് ;

(ബി) കമ്പനിവത്ക്കരണ നടപടികളുടെ ഭാഗമായി 12,000 കോടി രൂപയുടെ മൂലധന നിക്ഷേപത്തോടെ മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നോ ; ട്രസ്റ്റ് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) പ്രസ്തുത കമ്പനിയിൽ പെൻഷന് പ്രത്യേക സംവിധാനം ഒരുക്കുമോ ; ആയത് എന്നുമുതൽ പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് പകരമായി രൂപീകരിക്കേണ്ടതായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് (MoU), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (AoA) എന്നിവയ്ക്ക് 18-4-2009-ലെ ജി.ഒ.(എംഎസ്.) നമ്പർ 4/09/ഊ.വ. ഉത്തരവ് പ്രകാരമാണ് സർക്കാർ അംഗീകാരം നൽകിയത്. കമ്പനി രജിസ്ട്രാറുടെ 14-1-2011-ലെ U40100KL2011SGC027424 എന്ന നമ്പർ ഉത്തരവ് പ്രകാരമാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി നിലവിൽവന്നത്.

(ബി&സി) കെ.എസ്.ഇ.ബി. നിലവിലുള്ള പെൻഷൻകാരുടെയും 31-10-2013-നുശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും വിരമിച്ചതും ഇനി വിരമിക്കാനുള്ളതുമായ ജീവനക്കാരുടെയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രസ്റ്റിന്റെ പ്രാരംഭ കരുതൽ മൂലധനം 10 ലക്ഷം രൂപയാണ്.

കേരളാ ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം 31-10-2013-ൽ കണക്കാക്കിയ ആക്ച്യൂറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12419 കോടിയാണ്. ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻവഴി ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് രണ്ടുതരം ബോണ്ടുകൾ പുറപ്പെടുവിച്ച് മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതുമാണ്. ഇതിൽ 5861 കോടി രൂപ സർക്കാർ അടുത്ത 10 വർഷംകൊണ്ട് ഫണ്ട് ചെയ്യുന്നതും ആയതിലേയ്ക്കായി

ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 12-2-2015-ന് രജിസ്റ്റർ ചെയ്ത മാസ്റ്റർ ട്രസ്റ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശബരി റെയിൽ പദ്ധതി

59(2047) ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്നത്തെ സ്ഥിതിയിൽ ശബരി റെയിൽ പദ്ധതി എത്രത്തോളം പ്രാവർത്തികമാണ് ; വിശദമാക്കുമോ ;

(സി) ശബരി റെയിൽ പദ്ധതി നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതക്കു വേണ്ടി കൈമാറിയിട്ടുണ്ട്.

(ബി&സി) 'RITES' നടത്തിയ വിശദമായ പഠനങ്ങൾക്കുശേഷമാണ് കേന്ദ്ര സർക്കാർ അങ്കമാലി-ശബരി റെയിൽ പ്രോജക്ട് അംഗീകരിച്ചത്. എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ എറണാകുളം ജില്ലയിലെ നിർമ്മാണ പ്രവർത്തികളാണ് പുരോഗതിയിലുള്ളത്.

കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ചാണ് തർക്കമുണ്ടായിരുന്നത്. ആയത് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് സമർപ്പിക്കപ്പെട്ട പുതുക്കിയ അലൈൻമെന്റ് 11-2-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഉന്നതതലയോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്.

അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തിയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പദ്ധതി തുടർന്നുവരുന്ന ഒന്നായതിനാലും പദ്ധതി പ്രഖ്യാപിച്ച സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly